**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 954** **06.06.2018 ൽ മറുപടിയ്ക്ക്**

## ആദിവാസികൾക്ക് വനഭൂമിയിലുള്ള അവകാശം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ആബിദ് ഹുസൈൻ തങ്ങൾ | | അഡ്വ .കെ.രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) | ആദിവാസികൾക്ക് വനഭൂമിയിലുള്ള അവകാശം സംബന്ധിച്ച് സുപ്രീം കോടതിയിൽ നിലവിലുള്ള കേസിൽ മറുപടി ഫയൽ ചെയ്യാത്തത് സംബന്ധിച്ച് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ), (ബി) & (സി) (സി | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പാണ് വനാവകാശ നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച നോഡൽ ഏജൻസി. ബഹു. സുപ്രീം കോടതി ആവശ്യപ്പെട്ട വിവരങ്ങൾ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്റ്റാന്റിംഗ് കൗൺസിലിനു സമർപ്പിച്ചിട്ടുണ്ടായിരുന്നു. ആയതു അഫിഡവിറ്റ് ആയി ഫയൽ ചെയ്തതായി സ്റ്റാന്റിംഗ് കൗൺസിൽ അറിയിച്ചിട്ടുണ്ടെന്നും ഇത് സംബന്ധിച്ച് ബഹു. സുപ്രീം കോടതി നിർദ്ദേശിച്ച പിഴ ഒടുക്കിയിട്ടില്ലെന്നും ആയതു ഒഴിവാക്കുന്നതിലേക്കായി ബഹു. സുപ്രീം കോടതിയിൽ ഹർജി ഫയൽ ചെയ്തിട്ടുണ്ടെന്നും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അറിയിച്ചിട്ടുണ്ട്. |
| (ബി) | 2006 ലെ നിയമത്തിന്റെ സാധുത ചോദ്യം ചെയ്ത് വൈൽഡ് ലൈഫ് ഫസ്റ്റ് എന്ന സംഘടന നൽകിയ ഹർജിയിൽ അടിയന്തരമായി മറുപടി നൽകുവാൻ നടപടി സ്വീകരിക്കുമോ; | | |
| സി) | ഇത് സംബന്ധിച്ച് സുപ്രീം കോടതി നിർദ്ദേശിച്ച പിഴ സംസ്ഥാന സർക്കാർ സുപ്രീം കോടതിയിലെ ലീഗൽ സർവ്വീസസ് കമ്മിറ്റിയിലേയ്ക്ക് ഒടുക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ